(ഇ) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമാണ് എന്നും, അവർക്കെതിരെ എന്തെല്ലാം നടപടികൾ എടുക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(എഫ്) അടുത്ത ശബരിമല സീസണ് മുമ്പായി ഈ കെട്ടിടത്തിൽ ലിഫ്റ്റും ജനറേറ്ററും സ്ഥാപിച്ച് ആശുപത്രി തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30-4-2002-ൽ പൂർത്തിയായി.

(ബി) 140.85 ലക്ഷം രൂപ

(സി) ഈ കെട്ടിടത്തിന്റെ വയറിംഗ് ജോലികൾ പൂർത്തിയായിട്ടുണ്ട്. ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പണി ടെണ്ടർ ചെയ്തിട്ടുണ്ട്. ലിഫ്റ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള തുക തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുമാണ് വൈദ്യുതിവകുപ്പിൽ കെട്ടി വയ്ക്കേണ്ടത്.

(ഡി) ഇതിന്റെ തുടർ നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു.

(ഇ) ഇക്കാര്യത്തിൽ ഭരണപരമായ നടപടിക്രമങ്ങളുടെ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(എഫ്) അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തൽ

119 [942] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) അപ്ഗ്രഡേഷൻ നടത്തുന്നതിന് ഭൗതിക സൗകര്യങ്ങൾ ഉള്ള എത്ര പി.എച്ച്.സി.-കളാണ് സംസ്ഥാനത്തുള്ളത്;

(സി) ബേപ്പൂർ മണ്ഡലത്തിലെ ഒളവണ്ണ, ചാലിയം, ഫറോക്ക് പി.എച്ച്.സി.-കൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) 61 പി.എച്ച്.സി.-കൾ

(സി & ഡി) ഇല്ല. ഈ സ്ഥാപനങ്ങളിൽ ഉള്ള ഭൗതിക സാഹചര്യങ്ങളും ആവശ്യങ്ങളും പരിഗണിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly